"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഹരിതകേരളം മിഷൻ- ജില്ലാ ഏകോപന സമിതി പുനഃസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.355/2023/LSGD തീയതി,തിരുവനന്തപുരം, 08-02-2023

---

പരാമർശം:-

1. 25.1.2023 ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ സംസ്ഥാനതല കർമ്മസമിതി യോഗത്തിന്റെ നടപടി കുറിപ്പ്
2. 01/02/2023 ലെ നവകേരളം കോർഡിനേറ്ററുടെ എൻ.കെ.പി/എ2/213/എച്ച്.കെ.എം/2023 നമ്പർ കത്ത്

**ഉത്തരവ്**

കേരളത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടന്നുവരുന്നത്. 1992 ഭരണഘടനാ ഭേദഗതിയും 1994 കേരള മുനിസിപ്പാലിറ്റി നിയമവും 1994 പഞ്ചായത്ത് രാജ് നിയമവും പ്രകാരം മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. ഈ ചുമതല നിർവഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പുകളുടെ ഏകോപന പ്രവർത്തനങ്ങൾ ആവശ്യവുമാണ്. നിലവിൽ ഹരിത കേരളം മിഷൻ ജില്ലാ കോർഡനേറ്റർ കൺവീനറും, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ, മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ എൻവയോൺമെന്റ് എഞ്ചിനീയർ, എ.ഡി.സി. ജനറൽ, ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., ജില്ലാ മാനേജർ ക്ലീൻ കേരള കമ്പനി എന്നിവർ അംഗങ്ങളുമായാണ് ജില്ലാ ഏകോപന സമിതി പ്രവർത്തിച്ചു വരുന്നത്. ജില്ലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ സുമഗമമാക്കുന്നതിന് ഏകോപന സമിതി പുനഃസംഘടിപ്പിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഏകോപനസമിതി പുനസംഘടിപ്പിക്കുന്നതിന് ഉത്തരവാകണമെന്ന് പരാമർശം 2 പ്രകാരം നവകേരളം കർമ്മപദ്ധതി കോർഡിനേറ്റർ അഭ്യർത്ഥിച്ചിരിക്കുന്നു.

ചെയർപേഴ്സൺ - ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭണ വകുപ്പ് )
കൺവീനർ -ജില്ലാ കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2

അംഗങ്ങൾ

1) ജില്ലാ പ്ലാനിംഗ് ഓഫീസർ

2) ജില്ലാ കോർഡിനേറ്റർ, ശുചിത്വമിഷൻ

3) എ.ഡി.സി. ജനറൽ

4) എക്സി. എഞ്ചിനീയർ, എൽ.ഐ.ഡി. & ഇ.ഡബ്ല്യു.

5) ജില്ലാ എൻവയോൺമെന്റ് എഞ്ചിനീയർ, പി.സി.ബി.

6) ജില്ലാ കോർഡിനേറ്റർ, കുടുംബശ്രീ മിഷൻ

7) ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ, എം.ജി.എൻ.ആർ.ജി.എസ്.

8) ജില്ലാ മാനേജർ, ക്ലീൻ കേരള കമ്പനി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച പരാമർശം 1 ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിതകേരള മിഷൻ ജില്ലാ ഏകോപന സമിതി മേൽ പറയുന്നവരെ ഉൾപ്പെടുത്തി പുനസംഘടിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ,തിരുവനന്തപുരം
കോർഡിനേറ്റർ,നവകേരളം കർമ്മ പദ്ധതി,തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
ഹരിതകേരള മിഷൻ ജില്ലാ ഏകോപന സമിതി അംഗങ്ങൾ(നവകേരളം കർമ്മ പദ്ധതി കോർഡിനേറ്റർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Prasanth C
Date: 08-02-2023 10:47:56
സെക്ഷൻ ഓഫീസർ